# ഗവൺമെന്റ് ഹയർസെക്കണ്ടറി സ്ക്കൂൾ മൂലങ്കാവ്



# എഡിറ്റോറിയൽ

**മനുഷ്യന്റെ അടിസ്ഥാന ചോദനകളിലൊന്നാണ് ആവിഷ്കാരത്തിനുള്ള ആഗ്രഹം. ആദിമകാലത്തെ ഗുഹാചിത്രങ്ങളായും എല്ലുകളിലും കളിമൺ ഫലകങ്ങളിലും കടലാസിലുമായി സൃഷ്ടിച്ച ലിപി വിന്യാസങ്ങളായും അത് വളർന്നു നവീനകാലഘട്ടത്തിൽ കടലാസിന്റെ പരിമിതികളെയും അതിലംഘിച്ച് പരിസ്ഥിതിയ്ക്ക് അനുകൂലമായ** തരത്തിൽ ആധുനിക സങ്കേതിക വിദ്യയോടെ മനുഷ്യന്റെ കലാസൃഷ്ടികൾ രൂപം കൊള്ളുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു.

മൂലങ്കാവ് ഗവൺമെന്റ് ഹയർസെണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ സ്കൂളിലെ വിദ്യാർത്ഥികളുടെ സാഹിത്യ സൃഷ്ടികളുടെ ശേഖരമാണ്. ചില്ല എന്ന ഡിജിറ്റൽ മാഗസിൻ. മാറുന്ന കാലഘട്ടത്തിനനുഗുണമായി സംഭവിക്കുന്ന പരിണാമത്തിൽ ഞങ്ങളും പങ്കാളികളാകുന്നു.

**എഡിറ്റർ.**

# സന്ദേശം

വർത്തമാനകാലത്തോട് സംവദിക്കുന്നതാവണം പുതുതലമുറ. വളർന്നുവരുന്ന ഈ തലമുറയിലാണ് രാജ്യത്തിന്റെ പുരോഗതിയും ധാർമ്മികതയുമെല്ലാം കുടികൊള്ളുന്നത്. പരമ്പരാഗത വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ നിന്നും ഭിന്നമായി ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ ഉപയോഗവും ശാസ്ത്രീയ വിക്ഷണത്തോടെ ഉയരാൻ കഴിയുന്നവർക്ക് ആയതിനുള്ള അവസരവും ക്ലാസ്സ്മുറികളുടെ പുറത്തും ഒരുക്കപ്പെടുന്ന ഈ കാലത്ത് പൊതുവിദ്യാഭ്യാസ രംഗത്തെ മറ്റൊരു കാൽവയ്പ്പാണ്

ലിറ്റിൽ കൈറ്റ്സ്. ശാസ്ത്രസാങ്കേതിക രംഗത്ത് നാളെയുടെ മുതൽക്കൂട്ടാകുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ

നമ്മുടെ സ്കൂളിൽ തയ്യാറാക്കുന്ന 'ചില്ല' എന്ന ഡിജിറ്റൽ മാഗസിന്

എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ് മാസ്റ്റർ

**സി കെ ഹൈദ്രോസ്**




## ഉള്ളടക്കം


- കള്ളം ആരോപിക്കപ്പെട്ട വിദ്യാർത്ഥി
- കാലാവസ്ഥാ വ്യതിയാനവും ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ആവശ്യകതയും
- നഷ്ടസ്വപ്നം
- മായം ചേർക്കൽ മണൽ തൊട്ടു മരുന്നു വരെ
- സ്വപ്നം
- നിങ്ങൾക്കറിയാമോ
- കാറ്റ് എന്നോട് പറഞ്ഞത്
- മായാലോകം
- സ്കൂൾ രേഖ
- ചിത്രരചനകൾ

# കള്ളം ആരോപിക്കപ്പെട്ട വിദ്യാർത്ഥി






ഒരിക്കൽ ഒരു സ്ക്കൂൾ അസംബ്ലിയിൽ പ്രധാനാദ്ധ്യാപകൻ: "പ്രിയ വിദ്യാർത്ഥികളേ നമ്മുടെ പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി കുട്ടികളിൽ അച്ചടക്കം വളർത്തുക എന്ന ലക്ഷ്യത്തോടെ ഞാൻ മുമ്പ് പ്രസ്താവിച്ച കാര്യങ്ങൾ ഒരിക്കൽക്കൂടിആവർത്തിക്കുന്നു.

ഇന്നുമുതൽ നമ്മുടെ സ്ക്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും കായികപരിശീലനവും വ്യായാമവും നിർബന്ധമാക്കിയിരുന്നു.കൃത്യം നാലുമണിക്ക് തന്നെ എല്ലാവരും സ്ക്കൂൾ ഗ്രൗണ്ടിൽ ഹാജരായിരിക്കണം.വ്യക്തമാ-
യ കാരണങ്ങളില്ലാതെ മുടങ്ങുന്നത് ശിക്ഷാർഹമായിരിക്കും"

കുട്ടികളെല്ലാവരും കൈയടിച്ചു.പക്ഷേ,ഒരു കുട്ടി ഈ പുതിയ നിയമത്തിൽ സങ്കടപ്പെട്ടു.അവൻ ചിന്തിച്ചു:'ഒരു കായിക വിനോദത്തിൽ പോലും പ്രാവണ്യമില്ലാത്തഞാനെങ്ങനെ ഈ പരിശീലനപരിപാടിയിൽ പങ്കെടുക്കും?

മാത്രമല്ല രോഗിയായ അച്ഛന്റെ അടുക്കൽ എത്താൻ വൈകുകയും ചെയ്യും.ഏതായാലും കായികാദ്ധ്യാപകനോട്
കാര്യം പറയുക തന്നെ'

അന്നുതന്നെ അവൻ കായികാദ്ധ്യാപകനെ സമീപിച്ചു."സാർ,സ്ക്കൂൾ വിട്ടാലുടൻ വീട്ടിലെത്തി അച്ഛനെ ശുശ്രൂഷിക്കേണ്ടതുള്ളതുകൊണ്ട് കായികപരിശീലനത്തിൽ നിന്ന് എന്നെ ഒഴിവാക്കാമോ?"

പക്ഷേ,ആ അദ്ധ്യാപകൻ സമ്മതിച്ചില്ല.

ദിവസങ്ങൾ കടന്നുപോയി.ഒരു ശനിയാഴ്ച്ച ദിവസം.ക്ലാസ്സ് ഉച്ചകഴിഞ്ഞില്ലാത്തതുകൊണ്ട് വ്യായാമത്തിനുവേണ്ടി മാത്രം വൈകിട്ട് നാലുമണിക്ക് സ്ക്കൂളിൽ എത്തേണ്ടിയിരുന്നു.വാച്ചില്ലാതിരുന്നതുകൊണ്ടും,അന്തരീക്ഷം പതിവിലേറെ മേഘാവൃതമായിരുന്നതുകൊണ്ടും അവൻ സ്ക്കൂളിൽ എത്തിയപ്പോൾ കുട്ടികളെല്ലാം വ്യായാമം കഴിഞ്ഞ് തിരിച്ച് പോയിരുന്നു.അടുത്ത ദിവസം സ്ക്കൂളിൽ ചെന്നപ്പോൾ വ്യായാമത്തിന് വരാതിരുന്നതിന്റെ കാരണമന്വേഷിച്ച കായികാദ്ധ്യപകനോട് ഉണ്ടായതെല്ലാം പറഞ്ഞെങ്കിലും അദ്ദേഹം വിശ്വസിച്ചില്ല. നുണപറഞ്ഞതിന് ശിക്ഷയായി രണ്ടണ പിഴ അടയ്ക്കാനും നിർദ്ദേശിച്ചു.

കള്ളം പറഞ്ഞു എന്നാരോപിച്ച് ശിക്ഷയേൽക്കേവന്ന ആ വിദ്യാർത്ഥി തന്റെ നിരപരാധിത്വം തെളിയിക്കാനാവാതെ മനോവേദനയോടെ ഞാൻ കരഞ്ഞു.തന്നെ തെറ്റിദ്ധരിച്ച അദ്ധ്യാപകനോട് അല്പം പോലും വിദ്വേഷം ആ ശിഷ്യന്റെ മനസ്സിലുണ്ടായിരുന്നില്ല.അതുകൊണ്ട് അദ്ധ്യാപകനോടുള്ള അദരവ് നഷ്ടപ്പെടുത്താതെ തന്നെ അവൻ ക്ലാസ്സിലിരുന്നു.

സത്യം തെളിയിക്കാനും സത്യത്തിനുവേണ്ടി വാദിക്കാനും സ്വജീവിതത്തിലൂടെ തയ്യാറായ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധിയായിരുന്നു ആ വിദ്യാർത്ഥി.

**എമിൽ മറീന.പി.**

IX D

## കാലാവസ്ഥാ വ്യതിയാനവും ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ആവശ്യകതയും



ഭൂമിയിലെ കാലാവസ്ഥ ചരിത്രത്തിലുടനീളം മാറ്റത്തിന് വിധേയമായിട്ടുണ്ട്. *7000* വർഷങ്ങൾക്ക് മുമ്പ് ഹിമയുഗം അവസാനിച്ചതിനുശേഷമാണ് ആധുനിക കാലാവസ്ഥാകാലം തിടങ്ങിയത്.ഭൂമിയുടെഭ്രമണത്തിലെ വ്യതിയാനത്തിന് അനുസരിച്ചായിരുന്നു ആദ്യകാലങ്ങളിലെ കാലാവസ്ഥാ മാറ്റങ്ങളിലേറെയും. എന്നാൽ *20*-ാം നൂറ്റാണ്ടിന്റെ പകുതി മുതലുണ്ടായ മനുഷ്യപ്രവർത്തികൾ മൂലമാണിപ്പോഴത്തെ തീവ്ര കാലാവസ്ഥാ മാറ്റങ്ങളുണ്ടാകുന്നത്.

കാലാവസ്ഥാവ്യതിയാനം-പ്രധാന കാരണങ്ങൾ

### ഹരിതഗൃഹപ്രഭാവം

ഭൂമിയിൽ പതിക്കുന്ന സൂര്യതാപത്തെ തിരിച്ച് മുകളി- ലേക്ക് പോകാനനുദിക്കാതെ,ചില വാതകങ്ങളുടെ സാന്നിധ്യം മൂലം അന്തരീക്ഷം തടയുന്നു,തൽഫല- മായി ഭൗമോപരിതലത്തിൽ താപമേറുന്ന പ്രക്രിയ- യാണ് ഗ്രീൻഹൗസ്ഇഫക്ട്.നീരാവി,കാർബൺ-ഡൈയക്സൈഡ്,മീഥയേൻ,ക്ലോറോഫ്ലൂറോകാർബൺ എന്നിവയാണീ പ്രക്രിയക്ക് ഇടയാക്കുന്നത്.

### ആഗോളതാപനം

അന്തരീക്ഷത്തിലെത്തുന്ന കാർബൺഡയോക്സൈഡിന്റെ അളവ് വളരെ കൂടുന്നു.വ്യവസായ വിപ്ലവത്തിനു ശേഷമുള്ള മനുഷ്യപ്രവൃത്തികളിതിന് ആക്കം കൂട്ടി. വനനശീകരണം,ഫോസിലിന്ധനങ്ങളുടെ വർധിച്ച ഉപയോഗം എന്നിവയുദാഹരണങ്ങളാണ്.കഴിഞ്ഞ രണ്ട്നൂറ്റാണ്ടിനിടെ കാർബൺഡൈയക്സൈ-ഡിന്റെ അളവിലൊരു ശതമാനം വർധനവാണുണ്ടായത്.

*19*-ാം നൂറ്റാണ്ട് മുതൽ ഭൂമിയിലെ ശരാശരി താപനില *1.62c* ആണുയർന്നത്.കഴിഞ്ഞ *35* വർഷത്തിനിടയാണ് താപനിലയേറ്റവും ഉയർ- ന്നത്.*2010* ശേഷമുള്ളഅഞ്ചുവർഷങ്ങളായിരുന്നു ഏറ്റവുംചൂടേറിയവ,അതിൽ തന്നെയേറ്റവും കൂടിയ താപനില *2016* ലായിരുന്നുവെന്ന്

തെളിയിരുന്നു.

## തെളിവുകൾ

### ചൂടാകുന്ന കടൽ

സമുദ്രോപരിതലത്തിൽ നിന്ന് *700* മീറ്ററാഴം വരെയുള്ള ഭാഗത്തെ താപനില *1969* മുതൽ *0.4* ഡിഗ്രിയിലേറെയാണുയർന്നത് ലോകത്തെയേറ്റവും വലിയ പവിഴപ്പുറ്റായ ഓസ്ട്രേ- ലിയയിലെ ഗ്രേറ്റ് ബാരിയർ റീഫിന്റെ നാശത്തിനിടയാക്കിയിട്ടുണ്ട്.

### അമ്ലാംശം കൂടുന്ന സമുദ്രജലം

സമുദ്രജലത്തിലെ അസിഡിറ്റി *30* ശതമാനത്തോളമാണ് കൂടിയത്.അന്തരീക്ഷത്തിൽ കൂടുതലായെത്തുന്ന കാർബൺഡൈയോക്സൈഡ്സമുദ്രം ആഗിരണം ചെയ്യുന്നതാണിതിന് കാരണം.

സമീപകാലത്തുണ്ടായ കാലം തെറ്റിയെത്തുന്ന തോരാമഴയും ജലപ്രളയവും വരൾ- ച്ചയുമെല്ലാം ആഗോളതാപനത്തിന്റെ തെളിവു- കളാണ്.

### പ്രത്യാഘാതങ്ങൾ

ആഗോളതാപനവും തൽഫമായുണ്ടാകുന്ന കാലാവസ്ഥാമാറ്റവും ഗുരുതരമായ സാമൂഹിക, സാമ്പത്തിക ആഘാതങ്ങൾ സൃഷ്ടിക്കുന്നു.അപ്ര-തീക്ഷിതമായെത്തുന്ന മഴയും മഞ്ഞും ഭൂമിയെ പ്രതികൂലമായി ബാധിക്കുന്നു.വരൾച്ചമൂലം വറുതിയിലാവുന്ന ആഫ്രിക്കൻരാജ്യങ്ങൾ ,ശുദ്ധജല ലഭ്യത കുറവ്,രോഗാണുക്കളുടെ വ്യാപനം,ദ്വീപുകൾ സമുദ്ര- ത്തിലാണ്ടു പോകൽ,ആവാസ വ്യവസ്ഥയിലെ പലസസ്യജന്തുജാലങ്ങളുടെയും നാശത്തിന് വഴി തെ- ളിക്കും. പുതിയ പല വൈറസുകളെയും ബാക്ടീരി- യകളുടെയും പിറവികളും ജനിതകമാറ്റത്തിനും ഇട- യാക്കുന്നു.മാത്രമല്ല പകർച്ചവ്യാധികളുടെ വ്യാപന- ത്തിനും,ശാസ്ത്രലോകമില്ലാത്ക്കിയെന്ന് കരുതുന്ന രോഗാണുക്കളുടെ തിരിച്ചുവരവിനും കാരണമായേ- ക്കും.ഭൂമിയിലെ എല്ലാ ആവാസവ്യവസ്ഥകളി-ലും വസിക്കുന്ന വൈവിധ്യമാർന്ന എല്ലാ ജീവിസമൂ- ഹങ്ങളും അവയുടെ വിഭിന്നമായ ആവാസ വ്യവ സ്ഥകളും ചേർന്നതാണ് ജൈവവൈവിധ്യം

### പ്രാധാന്യം

വായു,ഭക്ഷണം,മരുന്ന്,ഇന്ധനം,ഊർജ്ജം,വളം എന്നിങ്ങനെ മനുഷ്യന്റെയടിസ്ഥാനയാവശ്യങ്ങളെ- ല്ലാം തന്നെ നിറവേറുന്നത് ജൈവവൈവിധ്യത്തിലൂ-ടെയാണ്.ജൈവവൈവിധ്യമാണ് ഭൂമിയിലെ ജീവന്റെ ആധാരശില.പാരിസ്ഥിതിക പ്രാധാന്യ-ത്തിനുമപ്പുറം,നമ്മുടെ സാമൂഹികബന്ധങ്ങളുടെയും സാമ്പത്തിക ജീവിതത്തെയും ഇത് സ്വാധീനിക്കി-ന്നുണ്ട്.ലോകത്തിലെ വ്യവസ്ഥ ജീവജാതികളും എന്നത് അതിശയിപ്പിക്കുന്നതാണ്.അതെ ഏകദേശം *33* ട്രില്ല്യൻ ഡോളറിന് വ്യവസ്ഥയുടെ വിലമതിക്കാ-ൻ കഴിയാത്തയേറ്റവും മഹത്തായ നിധിയാണ് ജൈവവൈവിധ്യം.

### ജൈവ വ്യവസ്ഥയുടെ പ്രധാനധർമ്മങ്ങൾ

ഭക്ഷ്യവസ്തുക്കൾ,വെള്ളം,വായു,സുസ്ഥിരമായ കാലാ-സ്ഥ,മണ്ണിന്റെ ഫലഭൂയിഷ്ഠത,മരു

ഊഷ്മാവ് നിയന്ത്രിക്കൽ,അന്തരീക്ഷ മലിനീകരണംകുറയക്കൽ,രോഗനിയന്ത്രയണം തുടങ്ങി ജീവൻ ഭൂമിയിൽ നില നിർത്തുകയെന്ന മർമ്മപ്രധാനമായ ധർമ്മം നിറവേറ്റുന്നു.

## ജൈവവൈവിധ്യം നേരിടുന്ന വെല്ലുവിളികൾ

ജൈവ മണ്ഡലത്തിലെ സൂക്ഷ്മജീവികളടക്കമുള്ളജീവജാലങ്ങളുടെയും പരിസ്ഥിസിയുടെയും നിലനിൽപ്പ് പ്രതരസന്ധിയിലാകുന്നു.നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ അവിടുത്തെ ജൈവവൈവിധ്യത്തിന്റെ കണ്ണി നഷ്ടപ്പെടുന്നു.പുനരുല്പാ-ദനം സാധ്യമാകാത്ത രീതിയിൽ പല ജീവജാലങ്ങളും ഭൂമിയിൽ നിന്ന് അപ്രത്യക്ഷമാകുന്നു.ഇവയെല്ലാംമനുഷ്യന്റെ വിവേകരഹിതമായകടന്നുകയറ്റത്തിന്റെ ഇരകളാണ്.

ജൈവവൈവിധ്യത്തിന്റെ സംരക്ഷണം നമ്മുടെ ഉത്തരവാദിത്വമാണ്. "ഭൂമി നമ്മുടെതല്ല, യഥാർഥത്തിൽ നാം ആണ് ഭൂമിയുടേത്" എന്ന ചിന്ത നമ്മിലുടലെടുക്കണം.നമ്മുക്ക്ആവശ്യമായതെല്ലാം പ്രകൃതിയിലുണ്ട്,അത്യാർത്ഥിക്കുള്ളതില്ലതാനും എന്ന ഗാന്ധിജിയുടെ വാക്കുകൾ ഇവിടെ സ്മരണീയമാണ്.തലമുറകൾ കൈമാറിക്കിട്ടിയ ഭൂമിയെ വരും തലമുറയക്ക് സുരക്ഷിതമായി ഏൽപ്പിച്ചുകൊടുക്കാൻ നാം ബാധ്യസ്ഥരാണ്.അതിനു നമുക്കൊരുമിച്ച് ശ്രമിക്കാം.

മറീന.പി.
*IX D*
ജി.എച്ച്.എസ്.എസ്. മൂലങ്കാവ്

# നഷ്ടസ്വപ്നം

## കവിത-ദേവിക രജീഷ്

ആർദ്രതയിൽ  സൗമ്യ
ലാവണ്യമാം ദീപം തെളിച്ചും
നയനത്തിനൻപുപോൽ
ഹൃദ്യമായ് തീർത്തും
ഹൃദയസൂനത്തി... ഗന്ധം
നിറച്ചിട്ടു ചോരാതെ
കാത്തതാമെ.... സ്വപ്നം
അറിയാതെയലസമായ് വ്യർത്ഥമായ്
മായുന്നു എൻ പാതകളിൽ വഴിയോരങ്ങളിൽ
കാർകുന്തലെന്നുമീ നാടിന്നു
കാഴ്ചതൻ പുഞ്ചിരി പൊഴിച്ചിട്ടു
ഏറെ തഴ......ള്ള ത്യാഗങ്ങളെത്രയും
പേറീടും ഞാനെൻ മുറിവേറ്റ ചിത്തമായ്
വേദനാപാർപ്പിടം  ശിരസ്സി.. തൊക്കിൽ
ആർദ്രമാമക്ഷിയെ കട്ടുതിന്നാനായി
കാതോർത്തിരിക്കുന്ന  അന്ധവിശ്വാസങ്ങ-
ളെന്നുമീ പിറക്കു കിടാക്കൾക്ക്
ശത്രുതന്നെ
അവരിങ്ങനെപ്പൊഴും ചൊന്നീടുമെന്തിനോ
പെണ്ണാണ്, നിൻ ത്യാഗമൈശ്വര്യം കുന്തലൈശ്വര്യം

എൻ മനം,  എൻ ജഡം എൻ മുടിയിഴകൾ.....
ഇത്തരം ചിന്തകൾ നീണ്ടതാകുന്നൊരാ
പട്ടികയല്ലയോ വ്യക്തിസ്വാതന്ത്ര്യം
എന്നിട്ടുമെന്തിനേ മുറിച്ചകത്തീടുവാൻ
എതിരായ് പ്രവൃത്തിക്കുമിന്നിൻ   മക്കൾ
സ്വപ്നസാക്ഷാത്ക്കാരത്തിനെന്തിനോ
വിവേചനം മർത്ത്യരല്ലേ നാം മനുഷ്യരല്ലോ
‘പെണ്ണെന്ന മുദ്ര കുത്തീട്ടു.......ഴെപ്പൊഴും
അവകാശലംഘനം പിറകെയുണ്ടാകുമോ
അന്ധകാരത്തിൻ നിഴൽ വീണ പഴമകൾ
എന്നുമീ വിദ്യക്കു ശത്രുതന്നെ
പെണ്ണായ് പിറന്നെന്ന കുറ്റം ചുമത്തുന്ന
വേദനാത്യാഗങ്ങളാണെ....യൈശ്വര്യം
നഷ്ട്സ്വപ്നത്തി... കുന്നുകൾക്കൂട്ടുവാൻ
ഇടം കാത്തിടേണമൊരു ഹൃദയകോണിൽ
ഇത്തരം വചനങ്ങൾ
അമ്മയാം പുണ്യമത്
ചൊല്ലീട്ടു........ എത്രനാളാണ് ഞാൻ
കാത്തുവച്ചോരാ ഹൃദ്യസ്വപ്നം
പർവ്വതം പൊട്ടുന്ന പോലെ ജ്വലിച്ചില്ല
...ഹൃദക്കെട്ടിലെ കുട്ടിയെ കണ്ടില്ല
അസഹ്യവേദനകളാഴ്ന്നും അവ ച്ചൂഴ്ന്നും
എൻ ജീവിതം നോവാർപ്പിടയായപ്പോൾ
മാഹിച്ചതാണ്
എൻനഷ്ടസ്വപ്നം ഞാൻ മറന്നിടാം
സഹിക്കാൻ പഠിക്കാം
വേദനകളിത്രയും സഹ്യമാക്കീടുവാൻ
പാഠം പഠിപ്പിച്ചതാണെയമ്മ

# മായം ചേർക്കൽ; മണൽതൊട്ട് മരുന്നു വരെ



കളങ്കം എന്നും നമ്മയെ പൂഴ്ത്തിവെയ്ക്കാറുണ്ട്. ഈ കാലഘട്ടത്തിലെ കാർഷകർ ക്രഷി ചെയുന്നത് എന്തുമായിക്കൊള്ളട്ടെ അതിലെല്ലാം അവർ മായം ചേർക്കുന്നു. കടകളിൽ കാണുന്ന വർണാടമായ പലഭക്ഷണപദാർത്ഥ ങ്ങളിലും മായം ചേർക്കപ്പെട്ടിട്ടുണ്ട്. ഇതൊന്നുംമനസ്സിലാക്കാതെ അത് ഭക്ഷിക്കുന്ന മാനവിക ജനത ക്യാൻസർ പോലുള്ള ആരോഗ്യപ്രശ്നങ്ങളിൽ അകപ്പെട്ടു പോകുന്നു. ഈ അടുത് കടയിൽ നിന്നും ലഭിക്കുന്ന മീനുകളിൽ 'ഫോർമാലിൻ' എന്ന രാസവസ്തു ചേർത്തിടുണ്ട് എന്ന് വി- ശദമായ പരിശോധനയിൽ കണ്ടെത്തിയുണ്ട്. കടകളിൽ നിന്നും വാങ്ങുന്ന പല കൊഴുപ്പ് അടങ്ങിയ ഭക്ഷണപദാർത്ഥങ്ങളായ ബിൻഗോ, ലെയ്സ് പോലിള്ളതും വർണാദമായ കടലാസുകളിൽ പൊതിഞ്ഞ മിഠായികളും ഇന്ന് കുട്ടികളെ ഏറെ ആകർഷിക്കാറുണ്ട് എന്നാൽ അത് എങ്ങനെ ഉണ്ടാക്കിയതാണ് രാസവസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടോ എന്നുപോലും ചിന്തിക്കാതെ ഉപയോഗിക്കുന്നവർ പിന്നീട് പല ആരോഗ്യ പ്രശ്നങ്ങളാൽ ആശുപത്രികൾ കയറി ഇറങ്ങുകയാണ്. നമ്മുടെ നാട് ഇതെങ്ങോട്ടാണ്? വർണാഭമായ ഭക്ഷണപദാർത്ഥങ്ങൾ കഴിച്ച് ആരോഗ്യപ്രശ്ണങ്ങൾക്ക് അടിമകളായി ഈ ലോകം വിട്ടുപോകാനാണോ നമ്മുടെ വിധി ഇതെല്ലാം നാം ആലോചിക്കേണ്ടതാണ്. എന്നാൽ മായം കലർത്തിയ ഭക്ഷണപദാർത്ഥങ്ങൾ തിന്നുന്നതിനുപകരം സ്വന്തം വീട്ടുവളപ്പിൽ അൽപ്പം ക്രഷിചെയ്താൽ ഇതൊക്കെ ഉണ്ടാവുമോ? എന്ന് നാം ചിന്തിക്കേണ്ടതാണ്. കൂടാതെ കർഷകർ ആത്മാർത്ഥമായി ക്രഷി ചെയ്താൽ ഇത്തരം ആരോഗ്യപ്രശനങ്ങൾ ഉണ്ടാവുമോ? എന്നും നമ്മുടെ ആരോഗ്യപ്രശ്നങ്ങളുമായി ആശുപത്രികളിൽ എത്തുമ്പോഴോ അവിടെയും കാണാം നമ്മുക്ക് മായം ചേർത്ത മരുന്നുകൾ. ഒരു മനുഷ്യന്റെ ജീവൻ രക്ഷിക്കേണ്ട മരുന്ന് ജീവനെടുത്താൽ ആ ജീവനുവേണ്ടി കണ്ണീർ തീർക്കുവാൻ ഒത്തിരിപേരുണ്ട്. ഭക്ഷണപദാർതങ്ങളിലും മരുന്നുകളിലും മായം ചേർത്താൽ നമ്മുക്ക് എന്താണ് ലഭിക്കുന്നത്? നാം ചിന്തിക്കേണ്ടതാണ്. മനുഷ്യർ സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടിയാണോ

ചേർകുന്നത് എന്നാൽ അതിന്റെ പേരിൽ ഒത്തിരി ജീവിതങ്ങളാണ് പൊലിഞ്ഞു പോകുന്നുണ്ട്. ക്രഷിചെയുന്ന മണ്ണിൽ പോലും നമ്മൾ രാസവസ്തുക്കൾ കണ്ടെത്തുകയാണ്. ഇതിന്റെ പേരിൽ മണ്ണിനെപ്പോലും സ്നേഹിക്കാത്തവർ കൂടുതലാണ്. നമ്മൾ ചെടികളുടെ വളർക്കുവേണ്ടിയും അലയെ കീടങ്ങൾ ആക്രമിക്കാനും വേണ്ടിയാണ് മായം ചേർക്കുന്നത് എങ്കിലും മണ്ണിനെയും ഇത് ബാധിക്കുന്നുണ്ട്. മായങ്ങൾ ചേർക്കുന്നതിതിന്റെ പേരിൽ 'പ്രക്രുതിയുടെ കലപ്പ്' എന്ന് വിശേഷമുള്ള മണ്ണിരകൾ എല്ലാം ചത്തൊടുങ്ങുകയാണ്. മനുഷ്യർക്കുമാത്രമല്ല പക്ഷിമ്രുഗാദികളെയും ഇത് ബാധിക്കുന്നുണ്ട്.

ആരോഗ്യപ്രശ്നങ്ങളാൽ രോഗികൾ ആശുപത്രികളിൽ എത്തുമ്പോൾ അവിടുന്ന് ലഭിക്കുന്ന മരുന്നുകളിൽവരെ മായം ചേർത്തിടുണ്ട് എന്ന് ശാസ്ത്രപരീക്ഷണങ്ങളിപ്പം നിന്ന് വ്യക്തമാണ്. എന്നാൽ മായം ചേർക്കുന്നതിനോടൊപ്പം നമ്മൾ കടകളിൽ നിന്നും മേടിക്കുന്ന കുപ്പികളിൽ നിറച്ച ശുദ്ധവെള്ളങ്ങൾ നമ്മൾ ആശ്രയിക്കുമ്പോൾ ഒന്ന് ഒർക്കണം പല കമ്പിനികളും തെരുവോരങ്ങളിൽ നിന്ന് ബസ്സ്റ്റാന്റുകളിൽ നിന്നും റെയിൽവേസ്റ്റേഷനുകളിൽ നിന്നും നമ്മൾ ഉപേക്ഷിച്ചുപോകുന്ന കുപ്പികൾ ശേഖരിച്ച് അവയിൽ വെള്ളം നിറച്ച് കടകളിൽ എത്തിക്കുന്നു. ഈ ജലം നമ്മൾ കുടിക്കുമ്പോഴാണ് പ്രധാനമായും നമ്മൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. മായം ചേർത്ത പല പാനീയങ്ങളും ഇന്ന് കടകളിൽ ലഭ്യമാണ് ഉദാഹരണത്തിന് കൊക്കകോള, സ്പിരിറ്റ് തുടങ്ങിയവ ഇവയെയെല്ലാം മാറ്റിനിർത്തി നേരായ ഭക്ഷണശിലങ്ങൾ പുലർത്താൻ നമ്മുക്ക് കഴിയണം.

നമ്മുടെ പൂർവ്വികർ എങ്ങനെയാണ് ക്രഷി ചെയ്തിരുന്നത് ഒരു മായവും ചേർകാതെ മണ്ണിനെ സ്നേഹിച്ച് അവർ ജീവിച്ചുപോന്നു. എന്നാൽ ഈ കാലഘട്ടത്തിലെ ജനതയോ എറ്റവും വലിയ കോടീശരനാകണം എന്ന ചിന്തയോടെ അല്ലെങ്കിൽ പണം ഉണ്ടാകണം എന്ന ചിന്തയോടെ ക്രഷിച്ചെയ്യുന്നു. ഭക്ഷണപദാർത്ഥങ്ങൾ ഉദാഹരണത്തിന് ഫലങ്ങൾ കടയിൽപോയി നോക്കിയാൽകാണാം വിവിധ ഫലങ്ങൾ വർണാഭമായ ഫലങ്ങൾ കാണുന്നവരല്ലാവരെയും അത് ആകർഷിക്കും. ചെടികൾ പെട്ടെന്ന് വളർന്ന് വലുതായി ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനും നമ്മൾ രാസവസ്തുക്കൾ ഉപയോഗിക്കാറുണ്ട്. എന്തിനാണ് നാം മായങ്ങൾ ചേർക്കുന്നത് ഒന്നുചിന്തിച്ചുനോക്കു? മായങ്ങൾ ചേർക്കുന്നതിലൂടെ നാം എന്ത് നേടുന്നു? ഒന്നുംനേടുന്നില്ല

. പക്ഷെ ഒന്ന് നേടുന്നുണ്ട് കണ്ണീർ മായങ്ങൾ ചേർത്ത ഭക്ഷണപദാർത്ഥങ്ങൾ കഴിച്ചതുമൂലം ക്യാൻസർ പോലുള്ള

രോഗങ്ങൾ ബാധിച്ച് ജീവൻ നഷ്ടപ്പെട്ട ജനങ്ങൾ നമ്മുടെ നാട്ടിലേറെയുണ്ട്. ഭക്ഷണപദാർത്ഥങ്ങളിലെ കീടനാശിനിയുടെ ഉപയോഗം മൂലം കുട്ടികളുടെ പ്രശ്നങ്ങ നാം നിരന്തരം വാർത്തകളിലൂടെ അറയുന്നു കാസർകോഡിൽ കീടനാശിനികളുടെ അമിത ഉപയോഗം മൂലം എല്ലാ പ്രദേശങ്ങളിലും എൻഡോസൾഫാൻ എന്നരോഗം പടർന്നപ്പോൾ കേരളം തന്നെ കണ്ണിരോടെ നോക്കിനിന്നു. എന്നാൽ അതിൽ നിന്നും മറ്റു പ്രദേശങ്ങളെ രക്ഷിക്കാൻ നാം എന്തുചെയ്തു? എൻഡോസൾഫാൻ, ക്യാൻസർ പോലുള്ള രോഗങ്ങളോ നമ്മുക്ക് അടിച്ചമർത്തണമെങ്കിൽ നല്ല ഭക്ഷണശീലങ്ങൾ നമ്മുക്ക് ആവശ്യമാണ്. മായം ചേർക്കാത്ത ഭക്ഷണപദാർത്ഥങ്ങൾ നമ്മുക്ക് ആവശ്യമാണ്.ലേഖനം -ഫേബ ബിനു

# സ്വപ്നം

കവിത - ജയകൃഷ്ണൻ

നഷ്ടസ്വപ്നമാം കാറ്റി.... ഗന്ധത്തിൻ
തലോടലേറ്റ ഞാൻ ഓടിമായു.......ൾ
തളരാതെ എന്നെ പിൻതുടരുന്ന
എൻ നഷ്ടസ്വപ്നം
പറയാതെ മങ്ങി പോയ ആ
സ്വപ്നത്തിൽ അറിയാതെ
നീന്തിത്തുടിക്കുന്നു ഞാൻ
മഴയില്ല മരമില്ല ചെടികളില്ല
എല്ലാമത് ഇതളറ്റ്
പോയ പൂക്കൾക്ക് തുല്ലടം
വെള്ളി വെളിച്ചത്തിൽ ആടിക്കളിക്കുമാ
മരക്കൊ...ലിരുനൊന്നാടുവാൻ
കഴിയാതെപോയ നാളുകൾ
ഞാനോർത്തുനിൽക്കെ.....
എല്ലാമെൻ കൊഴിഞ്ഞുപോയ കാലം
നിദ്രയിലേക്കോടിയകലു....ൾ
പറയാതെയെന്നെ തേടിയെത്തുന്ന സ്വപ്നം
ആ സ്വപ്നമാം തൊട്ടിലിൽ
ഒരു കൊച്ചു കുഞ്ഞിൻ മനസ്സു
പോലെ ഞാനുമാടുന്നു ശിലയായി
ആഴത്തിൽ കുത്തിത്തുളയ്ക്കും
അ...പോലെൻ മനസിനെ
കുത്തിതുളയ്ക്കുന്ന സ്വപ്നങ്ങൾ
ജീവിതത്തിൻ സുഖസന്തോഷങ്ങൾ
രുചിച്ചറിയാൻ കഴിയാതെ പോയൊരു ജന്മം
വെറുമൊരു കല്ലായ് മാറിയ

എൻ സ്വപ്നങ്ങളെ
ഉരുക്കുവാൻ കഴിയാതെ പോയൊരു ജന്മം
സ്വപ്നങ്ങളെ നിങ്ങളെന്തിനെന്നെ
വിട്ടു പിരിഞ്ഞു പോയ്
പോയ് മറഞ്ഞ കാലത്തെ
ഒരു ഭീതിയായ് ഞാനെന്നും
നോക്കി നിൽപ്പൂ............
അമ്മയുടെ വാക്കുകൾ
കവർന്നെടുത്ത ആ ബാല്യം
ഇനിയെന്നെ തേടി വരിക
യില്ലിനി ഒരു നാളും
ആകുല ചിന്തകൾ തിങ്ങി നിറഞ്ഞ
ആ യ.. വ്വന കാലത്തെ
ഞനൊരു പേടി സ്വപ്നമായ്
നോക്കി നിൽപ്പൂ
വരികയില്ലിനി വരികയില്ല
പോയകാലമിനി വരികയില്ല
ആഗ്രഹിച്ചതൊന്നും നടക്കാതെ പോയ
സ്വപ്നമായൊരു ജീവിതം
നഷ്ട സ്വപ്നമായ് മാറിയ
എൻ പോയ കാലം...
അതെൻ നഷ്ട സ്വപ്നമായ്
മാറിയ ജീവിതം
നഷ്ടസ്വപ്നമാം കാറ്റി.... ഗന്ധത്തിൻ
തലോടലേറ്റു ഞാൻ ഓടിമായു.......ൾ
തളരാതെ എന്നെ പിൻത്തുടരുന്ന
എൻ നഷ്ട്ടസ്വപ്നം
പറയാതെ മങ്ങി പോയ ആ
സ്വപ്നത്തിൽ അറിയാതെ
നീന്തിത്തുടിക്കുന്നു ഞാൻ
മഴയില്ല മരമില്ല ചെടികളില്ല
എല്ലാമത് ഇതളറ്റ്
പോയ പൂക്കൾക്ക് തുല്ലടം

വെള്ളി വെളിച്ചത്തിൽ ആടിക്കളിക്കുമാ
മരക്കൊ...ലിരുന്നൊന്നാടുവാൻ
കഴിയാതെപോയ നാളുകൾ
ഞാനോർത്തുനിൽക്കെ.....
എല്ലാമെൻ കൊഴിഞ്ഞുപോയ കാലം
നിദ്രയിലേക്കോടിയകലു....ൾ
പറയാതെയെന്നെ തേടിയെത്തുന്ന സ്വപ്നം
ആ സ്വപ്നമാം തൊട്ടിലിൽ
ഒരു കൊച്ചു കുഞ്ഞിൻ മനസ്സു
പോലെ ഞാനുമാടുന്നു ശിലയായി
ആഴത്തിൽ കുത്തിത്തുളയ്ക്കും
അ...പോലെൻ മനസിനെ
കുത്തിതുളയ്ക്കുന്ന സ്വപ്നങ്ങൾ
ജീവിതത്തിൻ സുഖസന്തോഷങ്ങൾ
രുചിച്ചറിയാൻ കഴിയാതെ പോയൊരു ജന്മം
വെറുമൊരു കല്ലായ് മാറിയ
എൻ സ്വപ്നങ്ങളെ



## നിങ്ങൾ ക്കറിയാമോ?.......

**അനുപമ എ വി**

ഏറ്റവും കുറച്ച് ഓക്സിജൻ ഉപയോഗിച്ച് ജീവിക്കാൻ കഴിയുന്ന സസ്തനിയാണ് നാക്കഡ് മോൾ എലികൾ.

കൂടുതലറിയാം

ഓക്സിജൻ ഇല്ലാതെ മനുഷ്യന് എത്ര നേരം ജീവിക്കാനാവും ?

പരമാവതി 3 മിനിറ്റ് എന്നാണ് ഉത്തരം. അപ്പോഴേക്കും നാം ബോധം കെട്ട് വീഴും. തലച്ചോറിലെ കോശങ്ങൾ നശിച്ച് തുടങ്ങും. 6 മിനിററ് നേരം ശ്വാസം കിട്ടിലെങ്കിൽ ആള് തട്ടി പോകും. എങ്ങനെയെങ്കിലും രക്ഷപെട്ടാൽ തന്നെ തലച്ചോറിന് മാറ്റാൻ പറ്റാത്ത കേട് സംഭവിച്ചിട്ടുണ്ടാകും.

എന്നാൽ ഓക്സിജൻ ഇല്ലെങ്കിലും 20 മിനിറ്റ് കൂളായി ഇരിക്കുന്ന വിരുതനാണ് നേക്കഡ് മോൾ എലി. കിഴക്കൻ ആഫ്രിക്കയിൽ മണ്ണിനടിയിലെ മാളങ്ങളിൽ ജീവിക്കുന്ന ഈ എലിയെഅടുത്തിടെ ശാസ്ത്രജ്ഞർ പിടിച്ച് ഒട്ടും ഓക്സിജൻ ഇല്ലാത്ത ഒരു കൂട്ടിലയച്ചു. ഒക്സിജൻ ഇല്ലെന്നറിഞ്ഞിട്ടും കക്ഷി കൂട്ടിൽ കിടന്ന് ഒറ്റ ഉറക്കം! ' കാറ്റു പോയെ ' ന്നാണ് ശാസ്ത്രജ്ഞർ കരുതിയത്.

പക്ഷെ, 20 മിനിറ്റ് കഴിഞ്ഞ് കൂട് തുറന്ന് ഓക്സിജൻ കൊടുത്തതും കക്ഷി സ്മാർട്ടായി ചാടിയെഴുന്നേറ്റു. അപ്പോൾ തന്നെ ശാസ്ത്രജ്ഞർ നേക്കഡ് മോ ൾ റാറ്റി... തലച്ചോർ സ്കാൻ ചെയ്തു നോക്കി. ഇല്ല 20 മിനിറ്റ് ഒരിറ്റ് പ്രാണവായു കിട്ടാതിരുന്നിട്ടും അവ... തലച്ചോറിനൊരു കുഴപ്പവുമുണ്ടായില്ല ! അതോടെ ശസ്ത്രലോകം അ....രന്നു.

2013 - ൽ ലോകപ്രശസ്ത ശാസ്ത്രപ്രസിദ്ധീകരണമായ സയൻന

എലിയെ ആ വർഷത്തെ ഏറ്റവും മിടുക്ക തെളിയിച്ച സസ്തനിയായി പ്രഖ്യാപിച്ചു. ഭൂമിയിലെ ഏതാണ്ട് എല്ലാ ജിവികളെയും ബാധിക്കുന്ന ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ ഒരിക്കലും വരാത്ത ജീവിയാണ് നേക്കഡ് മോൾ റാറ്റ് എന്നു തെളിഞ്ഞത് ആ വർഷമാണ്, മേദന തരംഗങ്ങളായി തലച്ചോറിനെ അറയാക്കാനുള്ള സംവിധാനം നേക്കഡ് മോളുകൾ ക്കല്ല.

## കാറ്റ് എന്നോട് പറഞ്ഞത്.........

ചൂടുസമയമായിരുന്നു.സൂര്യന് വളരെ കത്തിജ്വലിക്കുന്നു.ചൂട് എല്ലാവരേയും വല്ലാതെ അസ്വസ്ഥരാക്കി. ഒരു തരിശ്ശുഭൂമിയില് ആകാശം നോക്കിനില്ക്കുകയായിരുന്ന ഞാന്.ഒരു തുള്ളി മഴയ്ക്ക് ആയി.ചൂട് കൂടുന്നു എന്നല്ലാതെ മഴയ്ക്കുള്ള ലക്ഷണമൊന്നും ഇല്ല.

അപ്പോഴായിരുന്നു, ഒരു ആശ്വാസമായി ഒരു കാറ്റ് വീശിയത്.ആ കാറ്റിന് തരിശുഭൂമിയിലെ മണ്ണിന്റെ മണമുണ്ടായിരുന്നു.ആ കാറ്റിന് എന്നോട് എന്തൊക്കെയോ പറയണമെന്ന് എന്റെ മനസ്സ് പറഞ്ഞു. ദാഹിച്ചിരുന്ന എനിക്ക് ഒരു തുള്ളി വെള്ളവുമായി ഒരു മനുഷ്യന് വന്നു. അദ്ദേഹത്തിന്റെ അവസ്ഥ അതിലും ദയനീയമായിരുന്നു. മെലിഞ്ഞ് എല്ലുകള് പൊന്തി, ഇരുണ്ടായിരുന്ന അദ്ദേഹം. അയാളുടെ നല്ല മനസ്സിന് ഞാന് ആദ്യം നന്ദിപറഞ്ഞു. ഞങ്ങള് കുറേ സംസാരിച്ചു. അയാള് എന്നെപ്പറ്റി എല്ലാം ചോദിച്ച് മനസിലാക്കി. വഴിതെറ്റി ഇവിടെ എത്തിയതാണെന്നും, എന്നെ സഹായിക്കണമെന്നും ഞാന് അദ്ദേഹത്തിനോട് ആവശ്യപ്പെട്ടു. പക്ഷെ, എന്നെ അലട്ടിയത് അതൊന്നുമല്ലായിരുന്നു. ഒരു പുല്ലുപോലും ഇല്ലാതെ, ഇവിടം ഈ അവസ്ഥയ്ക്ക് എങ്ങനെ വിധേയമായി എന്നാണ്. ആ സംശയം ഞാന് അയാളുമായിട്ട് പങ്കുവെച്ചു. അദ്ദേഹം, തന്റെ ജീവിതത്തിലൂടെ അക്കാര്യം എന്നോട് പറഞ്ഞുതന്നു. ഇവിടെ വളരെ സന്തോഷമായി ജീവിച്ചതായിരുന്നു, താനും തന്റെ കുടുംബവും നാട്ടുകാരും. വെള്ളത്തിന് വെള്ളം, കൃഷിയ്ക്ക് കൃഷി, വേണ്ടതെല്ലാം ഇവിടെ തനിയ്ക്ക് ഉണ്ടായിരുന്നു. പക്ഷെ, പ്രകൃതി വിരുധരായ മനുഷ്യന്, ഇവിടം തന്റെ പുതിയ ഫാക്ടറിയ്ക്കായി വേണമെന്നായിരുന്നു ശാഠ്യം. ഞങ്ങളുടെ സുഖസൌകര്യം നഷ്ടമാക്കും എന്ന് ഞങ്ങള്ക്ക് ഉറപ്പായിരുന്നു. എന്നാലും ഇത്ര മനോഹരമായ സ്ഥലം വിട്ടുകൊടുക്കാതിരിയ്ക്കാനായിരുന്നു ഞങ്ങള് അവരോട് തറ്ക്കിച്ചത്.

അതിന്, എന്റെ കുടുംബത്തേയും നാട്ടുകാരുടേയും രക്തം കണ്ട് പരിഹരിക്കും എന്ന് വിചാരിച്ചില്ല. എല്ലാം പെട്ടെന്ന് വന്നിറങ്ങി പോയി. അവറ് ഈ ഭൂമി തരിശ്ശുഭൂമിയാക്കി. പക്ഷെ, ഇത്ര

അങ്ങനെയൊരു ഫാക്ടറി ഇവിടെ വന്നില്ല. അദ്ദേഹത്തിന്റെ വാക്കുകള് എന്റെ കണ്ണിനെ ഈറനണിയിച്ചു. അപ്പോള് എനിക്ക് മനസ്സിലായി, ആ കാറ്റ് ഇവിടെ നടന്ന ദുരവസ്ഥയെപ്പറ്റി എന്നോട് പറയുകയായിരുന്നു. ആ കാറ്റിന് എന്നോട് ഇനിയും കുറെ പറയാനുണ്ടാകും. താന് ആന്ദിച്ച് തഴുകിനടന്ന മരങ്ങളെ അതിന് ഇപ്പോള് തഴുകാനാകുന്നില്ല. പണ്ട് റോസയുടേയും മുല്ലപ്പൂവിന്റേയും സുഗന്ധം ഒളിപ്പിച്ച് നടന്ന കാറ്റിന് ഇപ്പോള് രക്തത്തിന്റേയും ഉണങ്ങിയ മണ്ണിന്റേയും സുഗന്ധം പൂകിവരേണ്ട അവസ്ഥയില് എത്തിനില്ക്കുന്നു. തരിശ്ശുഭൂമിയില് തന്റെ തഴുകലിന് കാത്തുനില്ക്കുന്നവര്ക്ക്, അവര് ആഗ്രഹിക്കുന്ന പോലെ ഒരു കുളിര്ത്ത സുഖം നല്കാന് ആകുന്നില്ല. പ്രകൃതിയോട് അടുത്തുജീവിക്കുന്നവര്ക്ക്, പ്രകൃതിയിലെ സൌഭാഗ്യങ്ങള് ഇല്ലാതായാല് സ്വന്തം ജീവിതം നരഗതുല്യമായി മാറിയേക്കാം............

നമ്മെ തഴുകിപ്പോകുന്ന ഓരോ കാറ്റിനും, മഴയ്ക്കും, സുഗന്ധത്തിനും അവരനുഭവിക്കുന്ന സന്തോഷത്തിന്റേയും സങ്കടത്തിന്റേയും കഥ പറയാന് ഉണ്ടാകും... കഥ:മനു



## മായാലോകം

കാലം മാറി കോലം മാറി; പുതിയ ഭരണക്കൂടം വന്നു. ദേശം മാറി സംസ്കാരം മാറി; എല്ലാം പുതിയ തലമുറയ്ക്ക് വഴിയൊരുക്കി. അക്രമണരഹനീയം എന്ന് നാം വാദിക്കുന്ന ആ കൊച്ചു കേരളത്തിന്റെ അവസ്ഥയെന്താണ്?വീടിനെക്കുറിച്ചും നാടിനെക്കുറിച്ചും നാം വിശകലനം ചെയ്ത് പഠിക്കുമ്പോള് ഒരു കൊച്ചുകുഞ്ഞുപോലും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്:"ഈ നാടിന് ഇതെന്തുപ്പറ്റി?" ഈ മാറ്റത്തിനെല്ലാം കാരണമായ ഏറ്റവും വലിയ നട്ടെല്ല് വിശ്വാസക്കുറവാണ്. ആരെ വിശ്വസിച്ചാണ് നമ്മുക്ക് ഈ നാട്ടില് ജീവിയ്ക്കാന് സാധിക്കുക. ചുറ്റും കാപട്യവും വഞ്ചനയും മാത്രം.

ഒരാളെ വിശ്വസിച്ച് മനസ്സ് നിറവോടെ ഭക്ഷണം പോലും കഴിക്കാന് വയ്യാതിരിക്കുന്നു. മണ്ണ് തൊട്ട് മരുന്ന് വരെ കീടങ്ങളാല് മുങ്ങിയിരിക്കുന്നു. ഇതെല്ലാം നമ്മുക്ക് അറിയാമെങ്കിലും വിദ്വാന് എന്നു കരുതി ഇതെല്ലാം നാം ഭക്ഷിക്കുന്നു.

"ഈ നാടിന്റെ പോക്ക് ഇതെങ്ങോട്ടാണ്.......വരും തലമുറയ്ക്ക് ഇനി ഇവിടെ വസിയ്ക്കാന് സാധിക്കുമോ........?"-എന്നിങ്ങനെ ഒട്ടേറെ ചോദ്യങ്ങള് നമ്മുടെ മുന്പിലേക്ക് അതിക്രമി

കയറിയിരിക്കുന്നു.നമ്മുടെ ചുറ്റുപാടില് എന്തെല്ലാമൊക്കെയൊ ഉണ്ട്..............പക്ഷേ അതൊന്നും നമ്മുക്ക് ഭക്ഷ്യയോഗ്യമല്ലാത്തതാണ്. അവസാനം ഭക്ഷിക്കാന് മണ്ണ് ശരണം എന്നു പറയുവാന് പോലും ലാം മടിക്കേണ്ടിവരും. കാരണം, മണ്ണിലടക്കം ഒരു കുന്ന് രാസവളങ്ങളാണ് കൂട്ടിയിരിക്കുന്നത്. മൃഗങ്ങളില് പോലും ഹോറ്മോണ് തുടങ്ങിയ മാരകമായ മായോപരണങ്ങള് നടത്തിയിരിക്കുന്നു.

"മാവേലി നാടുവാണീടും കാലം.......
മാനുഷരെല്ലാരും ഒന്നുപോലെ......."

എന്ന വരികള്ക്ക് ഇന്ന് ഇവിടെ എന്ത് പ്രാധാന്യമാണ് നല്കപ്പെടുന്നത് മനുഷ്യത്വരഹനീയമായി പെരുമാറുന്ന വറ്ഗ്ഗത്തിന്റെ നടുവിലാണ് നാം. തീരാത്ത ഓളങ്ങളിലൂടെ രക്തകണ്ണീറ് ചാലിച്ച നീറ്ച്ചാലുകള് ഒഴുക്കാനാണ് ഇപ്പോള് എല്ലാവറ്ക്കും ആഗ്രഹം. പറക്കുന്ന കുരുവിയായ നമ്മെ കൊണ്ട് മായത്തിന്റെ ഒരു പുതിയ ലോകത്തേക്കാണ് ചുവടുവെപ്പിക്കുന്നത്.വളരെ ആകറ്ഷിക്കുന്ന തരത്തിലുള്ള മായങ്ങള്, പ്ളാസ്റ്റിക്കു കവറുകളിലാക്കി നമ്മുടെ മുന്പിലേക്ക് എത്തുമ്പോള് ആറ്ത്തിയോടെ അത് ചവച്ചരയ്ക്കാന് നാം മടിക്കാറില്ല. അത്രയ്ക്കും നിഷ്ഠൂരമായിക്കൊണ്ടിരിക്കുകയാണ് ഈ ലോകം. ഇതിനെതിരെ പോരാടാന് നമ്മുക്ക് കഴിയണം. ഇതിനെയെല്ലാം വളരെ ഖിന്നയായിട്ടെ എനിക്ക് നോക്കികാണാന് സാധിക്കുന്നുള്ളൂ. കാരണം, പ്രലോഭനങ്ങളില് അകപ്പെടുന്ന എല്ലാ അറിയാം, ഇത് അപകടമാണെന്ന്. പക്ഷെ, ഇതെല്ലാം അവറ് ഉപയോഗിക്കുന്നത് അവറ്ക്കേതോ അവകാശമുള്ളതുപോലെയാണ്.

1958 - ല് എല്ലാ ലോകരാഷ്ട്ര തലവന്മാരും സ്റ്റോക്കോമില് ഒത്തുചേറ്ന്ന് ചറ്ച്ച ചെയ്ത് ഒരു നിയമാവലി തയ്യാറാക്കി. അതില് പരിസ്ഥിതിയെ സംരക്ഷിക്കു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഈ ചെറ്റക്കുടിലില് നിന്ന് എങ്ങനെയാണ് ഈ ഭൂമിയെ കരകയറ്റാന് സാധിക്കുക? കാരണം, അത്രയ്ക്കും അതീതമായാണ് മായങ്ങളും മരുന്നുകളും ചേറ്ത്ത് നമ്മുടെ ഈ ഭൂമീമാതാവിനെ കുളിപ്പിച്ച കിടത്തിയിരിക്കുന്നത്.

ഈ ഭൂമിയെ ഖിന്നയായി അല്ലാതെ എങ്ങനെയാണ് നോക്കികാണാന് സാധിക്കുക? ഇതെല്ലാം കണ്ടിട്ടും കണ്ടില്ല എന്ന് നടിക്കുന്ന ചില മഹാന്മാരും മഹതികളും ഉണ്ട്.ഒരു നാടിന്റെ അവസ്ഥയിതാണെങ്കില് ഒരു രാജ്യത്താകമാനം അവസ്ഥയെന്തായിരിക്കും.വ്യത്യസ്ത നിറങ്ങളിലുള്ള, വ്യത്യസ്ത വീതിയിലുള്ള, വ്യത്യസ്ത തരത്തിലുള്ള മായങ്ങള്. രോഗങ്ങള്ക്കുള്ള മാരുന്നുകളില് പോലും മായം ചേറ്ത്തിരിക്കുന്നു. എങ്ങും മായം ചേറ്ത്തിരിക്കുന്നു. മായം ചേറ്ക്കാത്തതായി എങ്ങുമില്ല : ഒരുവന് പോലുമില്ല.

1947 - ല് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിതന്നത്  ആ മഹാത്മാവാണ്. പക്ഷേ ഈ മായങ്ങളില് നിന്നുമെല്ലാമുള്ള സ്വാതന്ത്ര്യം എങ്ങനെ, എവിടെ നിന്നും ലഭിക്കും? മത്സ്യം മുതല് പച്ചക്കള് വരെ നീണ്ടുനില്ക്കുന്ന ഈ മായപരികരണങ്ങള് നമ്മുടെ ഉള്ളിലേക്ക് എത്തുന്നത് വഴി എന്തെല്ലാമാണ് സംഭവിക്കുക? ഇതെല്ലാം ഇവ ഉപയോഗിക്കുന്നതിന് മുന്പ് നാം സ്ഥിരീകരിക്കേണ്ടത് തന്നെയാണ്.കുടല് മുതല് അവസാനം വരെയുള്ള ദോഷത്തുകള് നാം ഓറ്ക്കാതിരിക്കുന്നത് എങ്ങനെയാണ്.

ഞാനാദ്യമേ പറഞ്ഞത് കാലവും മാറി ......., കോലവും മാറിയെന്ന്............

ജനാധിപത്യ രാഷ്ട്രീയം എന്ന് അവകാശപ്പെടുന്ന നമ്മുടെ രാഷ്ട്രം എന്തു കൊണ്ടാണ് ജനസേവനത്തെ പ്രതി ഒരു ബദല് സംവിധാനം ചെയ്യാത്തത്?അതോ കണ്ടിട്ടും കണ്ടില്ല എന്ന് നടിക്കുന്നതൊ.......?എന്നിങ്ങനെ ഉത്തരമില്ലാത്ത ഒരായിരം ചോദ്യങ്ങള്ക്ക് ഉത്തരം പറയേണ്ടത് ആരാണ്? ഞാനും നീയും അടങ്ങുന്ന ഈ കൊച്ചുകേരളത്തിലല്ലേ ഈ അതിക്രമങ്ങളെല്ലാം അഴിഞ്ഞാടുന്നത്. ഈ മലയാളികളുടെ ശരിയായ അന്നഭോജനം ഇനി എപ്പോള് എങ്ങനെ നടക്കും. കൊതിയൂറുന്ന തിരമാലകളിലേക്ക് ആഞ്ഞുക്കൊത്തുന്ന സ്രാവിനെപ്പോലെ ഇനിയും നാം മായത്തിന്റെ ലോകത്തേക്ക് പറക്കും എന്നത് മിഥ്യയല്ല.

ചേരി പ്രദേശങ്ങളില് നിന്നൊഴുകിവരുന്ന മലിനജലം പ്ളാസ്റ്റിക്ക് കുപ്പികളിലാക്കി "പ്യൂരിഫൈഡ്" എന്ന മുദ്രക്കുത്തി രുചിയോടെ കുടിക്കുന്ന വിഡ്ഢികളാണ് നമ്മള് മലയാളികള്. ലോകാവസാനം വരുകയായി...... മൂന്നാം ലോകമഹായുദ്ധം ഭക്ഷണത്തിനുവേണ്ടി തന്നെയാണെന്ന് ശാസ്ത്രം തെളിയിച്ചുകഴിഞ്ഞു. ഇതിന്റെയൊന്നും അവസാനം കാണാതെ പിന്മാറാന് നമ്മള് മടിക്കുന്നില്ല.

ഇതിനെതിരെയെല്ലാം നമ്മുക്ക് പോരാടാം. നമ്മള് ഭക്ഷിക്കേണ്ട വസ്തുവകകള് നമ്മുടെ അവകാശമാണ്. അത് തീരാതെ നാം സൂക്ഷിക്കണം. അത് നമ്മുടെ അവകാശമാണ്. അതിനെല്ലാമുള്ള ആദ്യ ചുവടുപടിയാണ് സ്വന്തം ചുറ്റുപാടില് ഒരു ചെറിയ തോട്ടം. അതും നമ്മുക്കുവേണ്ടിതന്നെ. കാറ്ഷികമായ വിളകള്. എന്നാല് ഭക്ഷണത്തിന്റെ കാര്യത്തിവെങ്കിലും നമ്മുക്ക് ആശങ്ക ഉളവാക്കാതിരിക്കാം. ഇനിയുള്ള തലമുറയ്ക്ക് മായത്തിന്റെ ലോകത്തില് നിന്ന് പറന്നകലാന് സാധിക്കട്ടെ. നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ ഒരു ക്രഷി മായമില്ലാത്ത ക്രഷ് നാം നടപ്പിലാക്കണം. കൊക്കക്കോള, മധുരപാനിയങ്ങൾ എന്നിവ നാം ഉപേക്ഷിക്കണം മായങ്ങൾ ഉപയോഗിക്കുന്നവരെ കണ്ടെത്തി അവർക്കെതിരെ നടപടികൾ സ്വീകരിക്കണം. വർണാഭമായ കടലാസുകളിൽ പൊതിഞ്ഞ മുഠായികളിൽ ആക്രഷ്ട്ടരാകാതെ അതിന്റെ ഭവിഷത്തുകളെക്കുറിച്ച് ചിന്തിച്ച് അവയേ ഉപേക്ഷിക്കാൻ ശ്രമിക്കണം. വർണാഭമായ ഭക്ഷണപദാർത്ഥങ്ങളുടെ വ്യാപക ഉപയോഗം നാം കുറയ്ക്കണം. എങ്കിൽ നമ്മുക്ക് അടിച്ചമർത്താം ആരോഗ്യപ്രശ്നങ്ങളെ. മായം പേർക്കാത്ത ഭക്ഷണപദാർത്ഥങ്ങൾ ഉപയോഗിക്കാത്ത മാനവിക്ത ജനതയായി മാറാം

ലേഖനം:ആർദ്ര മേരി

# സ്കൂൾ രേഖകൾ











little KITEs








little KITEs

# ചിത്രരചനകൾ



ദേവിക മനോജ്



നിഹാൽ



**ആൽഫിൻ**

# കടപ്പാട്

ഡിജിറ്റൽ മാഗസിൻ
യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും
നേതൃത്വം നൽകിയ സലാം സാറിനും
ഫൗസി ടീച്ചർക്കും ഒരായിരം

നന്ദി....